# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**ജൂലൈ 21**

**JULY 21** **2018**

***1193 കർക്കിടകം 5 ശനി***

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**ജലഭവൻ ശിലാസ്ഥാപനം നടത്തി**

### തിരുവല്ലയുടെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമാകും: മന്ത്രി മാത്യു ടി തോമസ്

ഏതാനും മാസങ്ങൾക്കുള്ളിൽ തിരുവല്ലയിലെ കുടിവെള്ള പ്രശ്നം പരിപൂർണമായും പരിഹരിക്കുന്നതിനുള്ള ശ്രമമാണ് നടക്കുന്നതെന്ന് ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി തോമസ് പറഞ്ഞു. തിരുവല്ല വാട്ടർ അതോറിറ്റി അങ്കണത്തിൽ നിർമിക്കുന്ന ജലഭവന്റെ ശിലാസ്ഥാപനം നിർവഹിച്ച് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

കല്ലിടാൻ വേ ി നിർമാണം താമസിപ്പിക്കരുതെന്ന് വാട്ടർ അതോറിറ്റിയുടെ എല്ലാ പ്രവൃത്തികളുമായും ബന്ധപ്പെട്ട് നിർദേശം നൽകിയിട്ടു ്. അതേപോലെ നിർമാണം തീർന്നാലും മന്ത്രിയുടെ ഉദ്ഘാടനത്തിനു കാത്തിരുന്ന് വെള്ളം കൊടുക്കാൻ താമസിക്കരുതെന്നും നിർദേശം നൽകിയിട്ടു ്. പണി തീർന്നാൽ എത്രയും പെട്ടെന്നു വെള്ളം കൊടുക്കുകയെന്നതാണ് നയം. ഉദ്ഘാടനമൊക്കെ സൗകര്യമുള്ളപ്പോൾ നടത്താം. പക്ഷേ, ജനങ്ങൾക്ക് കിട്ടേ ുന്ന സേവനങ്ങൾക്ക് ഒരു ദിവസം പോലും കാലതാമസം ഉ ാകരുതെന്ന് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടു ്.

തിരുവല്ല-ചങ്ങനാശേരി കുടിവെള്ള പദ്ധതിയുടെ ആദ്യഘട്ടത്തിന് തിരുവല്ല നഗരസഭയുടെ വലിയ സഹകരണം ഉ ായി. തിരുമൂലപുരത്ത് 15 ലക്ഷം ലിറ്ററിന്റെ ഉപരിതല ടാങ്ക് നിർമിക്കുന്നതിനുള്ള സ്ഥലം നഗരസഭ സൗജന്യമായി നൽകി. ഇതുമൂലം ഉയർന്ന പ്രദേശത്തുള്ള എല്ലാവർക്കും വെള്ളം കിട്ടുന്ന സാഹചര്യമു ാകും. കുറ്റൂർ പഞ്ചായത്തിലും സ്ഥലം ല

ഭ്യമായി ടാങ്ക് നിർമിച്ചാൽ അവിടുത്തെയും കുടിവെള്ള ക്ഷാമത്തിന് പരിഹാരമാകും. ഏറ്റവും മികച്ച രീതിയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. തിരുവൻവ ൂർ ഒഴിച്ച് എല്ലാ പാക്കേജിന്റെയും നിർമാണം ആരംഭിച്ചിട്ടു ്. കിഫ്ബിയിൽ ഉൾപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. കിഫ്ബിയിൽ 2016-17 സാമ്പത്തിക വർഷം 1251 കോടി രൂപയുടെ 35 പദ്ധതികളാണ് വാട്ടർ അതോറിറ്റി ഏറ്റെടുത്തിരിക്കുന്നത്. ഇതിൽ 34 പദ്ധതികളുടെയും നിർമാണം ആരംഭിച്ചു. പഴയ സംഖ്യാബലം വച്ച് നേരേ ഇരട്ടി ജോലിയാണ് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ ചെയ്യുന്നത്. ര ാമത്തെ വർഷം 1431 കോടി രൂപയുടെ പദ്ധതികളാണ് ഏറ്റെടുത്തിരിക്കുന്നത്. പണം ഇല്ല എന്നതിന്റെ പേരിൽ പകച്ചു നിൽക്കുകയല്ല.

1987ൽ നിലവിലുള്ള കുട്ടനാട് പദ്ധതി അപര്യാപ്തമായതു കൊ ് അതിനൊരു വിപുലീകരണമെന്ന നിലയിൽ തിരുവല്ലയ്ക്കും ചങ്ങനാശേരിക്കുമായി 15.16 കോടി രൂപയ്ക്കുള്ള പദ്ധതി തയാറാക്കിയിരുന്നു. അന്ന് കണക്കു കൂട്ടിയത് 2020 വരെ ജലത്തിന് ക്ഷാമം ഉ ാകില്ല എന്നാണ്. പക്ഷേ, അതിനിടയിൽ കുറ്റൂർ പഞ്ചായത്തിലേക്കും തിരുവൻവ ൂർ പഞ്ചായത്തിലേക്കും 700 എംഎം പൈപ്പിൽ നിന്നും ജലം നൽകേ ി വന്നു. ഇതോടെ തിരുവല്ല-ചങ്ങനാശേരി പദ്ധതിയിൽ ജലത്തിന് ക്ഷാമം ഉ ായി. ഇതു പരിഹരിക്കാൻ വേ ിയുള്ള പദ്ധതിയാണ് ഇപ്പോൾ ആവിഷ്കരിച്ചു നടപ്പാക്കുന്നത്. ഈ പദ്ധതിക്ക് 58 കോടി രൂപ ആദ്യ വർഷം തന്നെ അനുവദിച്ചു നൽകിയിട്ടു ്. ഇതിനു പല ഘട്ടങ്ങളു ്. ഒന്ന്, നിലവിലിരിക്കുന്ന തിരുവല്ലയിലെ പഴയ കുട്ടനാട് പദ്ധതിയുടെ 33 എംഎൽഡി പ്രതിദിനം ശുദ്ധീകരിക്കുന്ന ശാല കൂടുതൽ മെച്ചപ്പെടുത്തും. ര ് കല്ലിശേരിയിൽ ഇപ്പോൾ ഉള്ള 25 എംഎൽഡി ശാല 35 എംഎൽഡിയാക്കി വർധിപ്പിക്കും. തിരുവല്ലയിൽ 22 ദശലക്ഷം ലിറ്ററിന്റെ ശേഷിയുള്ള ഒരു ടാങ്ക് നിർമിക്കും. ടാങ്ക് നിർമിക്കുമ്പോൾ താഴെയുള്ള സ്ഥലം ഓഫീസിനായി ഉപയോഗിക്കുന്ന രൂപത്തിലാണ് നിർമാണം നടത്തുക. ഇതു പൂർത്തിയാകുമ്പോൾ വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥർക്ക് മാന്യമായ ഓഫീസും ലഭിക്കും അതോടൊപ്പം വിതരണം ചെയ്യാൻ ജലവും ആകും.

പദ്ധതിയുടെ ഭാഗമായി കുറ്റൂരിൽ ഏറ്റവും ഉയർന്ന സ്ഥലത്ത് ടാങ്ക് നിർമിക്കും. ഇതിനുള്ള സ്ഥലം ലഭ്യമാക്കാനുള്ള നടപടികൾ നടന്നു വരുകയാണ്. സ്ഥലം ലഭ്യമായി കഴിഞ്ഞാൽ കുറ്റൂർ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം പൂർണമായി പരിഹരിക്കപ്പെടും. തിരുവൻവ ൂർ പഞ്ചായത്തിലെയും സ്ഥലം ലഭ്യമായി കഴിഞ്ഞാൽ അവിടുത്തെ ജലക്ഷാമവും പരിഹരിക്കപ്പെടും. തിരുവല്ല നഗരസഭയിൽ തിരുമൂലപുരത്തെ ടാങ്കിൽ നിന്ന് ഉയർന്ന പ്രദേശങ്ങളിൽ ജലം എത്തിക്കുന്നതോടെ മുൻസിപ്പാലിറ്റിയിൽ എല്ലാ ദിവസവും ജലം ലഭ്യമാകും. ഇത്തരത്തിൽ വളരെ ബ്രഹത്തായ പദ്ധതിയാണ് 58 കോടി രൂപയ്ക്ക് അഞ്ചു പായ്ക്കേജുകളിലായി നിർമാണം നടന്നു വരുന്നത്. പ്രധാന പദ്ധതിയുടെ ഉദ്ഘാടനം ഏതാനും മാസം മുൻപ് തിരുമൂലപുരത്ത് വച്ച് നടത്തിയിരുന്നു. തിരുവല്ലയിൽ നിർമിക്കുന്ന 22 ദശലക്ഷം ലിറ്റർ ശേഷിയുള്ള ടാങ്ക് ഉൾപ്പെടുന്ന ജലഭവൻ എന്ന ഓഫീസ് സമുച്ചയത്തിന്റെയും നിർമാണം ആരംഭിച്ചു കഴിഞ്ഞു. പഴയ കെട്ടിടം പൊളിച്ചു മാറ്റിയാണ് ഇതു നിർമിക്കുന്നത്. വാട്ടർ അതോറിറ്റിയുടെ സ്ഥലം തന്നെയാണ് ഇതിനായി വിനിയോഗിക്കുന്നത്.

പുറമറ്റം ഉൾപ്പെടെ പഞ്ചായത്തുകൾക്കായി 60 കോടി രൂപയുടെ പദ്ധതി നടപ്പാക്കും. അവിടെയും സ്ഥലത്തിന്റെ ലഭ്യത പ്രശ്നമാണ്. സ്ഥലം ഏറ്റെടുക്കൽ നടപടികളിലേക്കു നീങ്ങുകയാണ്. ഇതു പൂർത്തിയാകുന്നതോടെ പുറമറ്റം, കല്ലൂപ്പാറ, കോയിപ്രം പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരമാകും. മല്ലപ്പള്ളി-ആനിക്കാട്-കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തുകൾക്ക് നിലവിലുള്ള പദ്ധതിയിൽ പണം പോരായിരുന്നു. ഇതിനാവശ്യമായ അധിക പണം 24 കോടി രൂപ അനുവദിച്ചു നൽകിയിട്ടു ്. പുളിക്കീഴ് പദ്ധതിയുടെ പൈപ്പ് ലൈൻ നിരണം, കടപ്ര പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് 20 കോടി രൂപ വകയിരുത്തിയിട്ടു െന്നും മന്ത്രി പറഞ്ഞു.

തിരുവല്ല നഗരസഭ ചെയർമാൻ കെ.വി. വർഗീസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ജല അതോറിറ്റി ബോർഡ് അംഗം അലക്സ് കണ്ണമല, വാർഡ് കൗൺസിലർ ഷാജി തിരുവല്ല, വാട്ടർ അതോറിറ്റി സൂപ്ര ിംഗ് എൻജിനിയർ എം. മധു, എക്സിക്യൂട്ടീവ് എൻജിനിയർ സി. സജീവ്, ഫ്രാൻസിസ് വി.ആന്റണി, പ്രൊഫ. അലക്സാ ർ കെ.ശാമുവേൽ, വർഗീസ് ജോൺ, ബാബു പറയത്തുകാട്ടിൽ, പ്രസന്നകുമാർ, ജിജി വട്ടശേരിൽ, വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 2024/18)

## ജലഭവൻ ശിലാസ്ഥാപനം ലളിതമായ ചടങ്ങിൽ

തിരുവല്ല വാട്ടർ അതോറിറ്റി ആസ്ഥാനത്തെ ജലഭവന്റെ ശിലാസ്ഥാപനം നടത്തിയത് ലളിതമായ ചടങ്ങിൽ. മഴക്കെടുതി മൂലം ജനങ്ങൾ ബുദ്ധിമുട്ടുന്നതു കണക്കിലെടുത്താണ് ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി തോമസിന്റെ നിർദേശ പ്രകാരം ശിലാസ്ഥാപന ചടങ്ങ് ലളിതമാക്കിയത്. 58 കോടി രൂപയുടെ ഭരണാനുമതിയോടെ കിഫ്ബി സഹായത്തോടെ നടപ്പാക്കി വരുന്ന തിരുവല്ല-ചങ്ങനാശേരി കുടിവെള്ള പദ്ധതിയുടെ നവീകരണവും വിപുലീകരണവുമെന്ന പദ്ധതി പാക്കേജ് ര ിൽ (16.92 കോടി രൂപയുടെ കരാർ) ഉൾപ്പെടുത്തിയാണ് ജലഭവൻ തിരുവല്ലയെന്ന പുതിയ ബഹുനില മന്ദിരം നിർമിക്കുന്നത്. 1500 ചതുരശ്ര മീറ്ററിൽ അധികം വിസ്തീർണമുള്ള ആധുനിക സൗകര്യങ്ങളോടു കൂടിയ ഓഫീസ് സമുച്ചയവും 22 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണിയും അനുബന്ധ പ്രവൃത്തികൾക്കുമായി 7.10 കോടി രൂപയാണ് കരാറിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. 18 മാസം കൊ ു പൂർത്തിയാക്കുകയാണ് ലക്ഷ്യം.

തിരുവല്ലയിൽ താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന വാട്ടർ അതോറിറ്റിയുടെ പത്തനംതിട്ട സർക്കിൾ ഓഫീസ് പുതിയ മന്ദിരം പൂർത്തിയാകുന്നതോടെ ഇതിലേക്കു മാറ്റും. 2016ൽ ആണ് തിരുവല്ലയിൽ താൽക്കാലിക കെട്ടിടത്തിൽ വാട്ടർ അതോറിറ്റിയുടെ പത്തനംതിട്ട സർക്കിൾ ഓഫീസ് പ്രവർത്തനം തുടങ്ങിയത്. (പിഎൻപി 2025/18)

**ഫോട്ടോ അടിക്കുറിപ്പ്**

1) തിരുവല്ല വാട്ടർ അതോറിറ്റി അങ്കണത്തിൽ നിർമിക്കുന്ന ജലഭവന്റെ ശിലാസ്ഥാപനം ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി തോമസ് നിർവഹിക്കുന്നു.

2) തിരുവല്ല വാട്ടർ അതോറിറ്റി അങ്കണത്തിൽ നിർമിക്കുന്ന ജലഭവന്റെ ശിലാസ്ഥാപനം നിർവഹിച്ച് ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി തോമസ് പ്രസംഗിക്കുന്നു.




ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| ജൂലൈ 21<br>JULY 21 | 2018 |
|---|---|

*1193 കർക്കിടകം 5 ശനി*

# പത്രക്കുറിപ്പ്-2

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**നിയമസഭാ സമിതി സിറ്റിംഗ്**

നിയമസഭയുടെ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി ഈ മാസം 31ന് രാവിലെ 10.30ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരും. വ്യക്തികൾ/ സംഘടനാ പ്രതിനിധികൾ എന്നിവർക്ക് പരാതികളും നിർദേശങ്ങളും യോഗത്തിൽ ഹാജരായി നൽകാം. യോഗത്തിന് ശേഷം 11.30 മുതൽ സമിതി ജില്ലാ സ്പോർട്സ് കൗൺസിലിന് കീഴിലുള്ള സ്ഥാപനങ്ങൾ, സ്റ്റേഡിയങ്ങൾ, ജില്ലാ പഞ്ചായത്തിന് കീഴിലുള്ള വോളിബോൾ ഇൻഡോർ സ്റ്റേഡിയം എന്നിവിടങ്ങളിൽ സന്ദർശനം നടത്തും.

(പിഎൻപി 2024/18)

**പോളിടെക്നിക്ക് അധ്യാപക ഒഴിവ്**

വെച്ചൂച്ചിറ ഗവൺമെന്റ് ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിൽ ദിവസ വേതനാടിസ്ഥാനത്തിൽ അധ്യാപകരെയും ജീവനക്കാരെയും നിയമിക്കുന്നു. ഗണിതശാസ്ത്രം ലക്ചററുടെ ഒഴിവിലേക്ക് ബന്ധപ്പെട്ട വിഷയത്തിൽ ഒന്നാം ക്ലാസ് മാസ്റ്റർ ബിരുദമുള്ളവർക്ക് അപേക്ഷിക്കാം. ട്രേഡ്സ്മാൻ (ഷീറ്റ്മെറ്റൽ), ട്രേഡ്സ്മാൻ (വെൽഡർ) എന്നീ ഒഴിവുകളിലേക്ക് ബന്ധപ്പെട്ട വിഷയത്തിൽ ഒന്നാം ക്ലാസ് ഐടിഐ അല്ലെങ്കിൽ ഡിപ്ലോമയാണ് യോഗ്യത. താത്പര്യമുള്ളവർ ഈ മാസം 24ന് രാവിലെ 10ന് കോളജിൽ നടക്കുന്ന കൂടിക്കാഴ്ചയ്ക്ക് ഹാജരാകണം.

(പിഎൻപി 2025/18)

## ഡിജിറ്റൽ ഫിലിം മേക്കിംഗ് കോഴ്സ്

കെൽട്രോണിന്റെ വഴുതക്കാടുള്ള നോളജ് സെന്ററിൽ ആരംഭിക്കുന്ന അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ മീഡിയ ഡിസൈനിംഗ് ആൻഡ് ഡിജിറ്റൽ ഫിലിം മേക്കിംഗ്, ഡിപ്ലോമ ഇൻ ഡിജിറ്റൽ ഫിലിം മേക്കിംഗ്, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ അഡ്വാൻസ്ഡ് വെബ്ഡിസൈനിംഗ്, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ അഡ്വാൻസ്ഡ് ഗ്രാഫിക് ഡിസൈനിംഗ്, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഗ്രാഫിക്സ് ആൻഡ് വിഷ്വൽ ഇഫക്ട്സ് എന്നിവയിലേക്ക് അപേക്ഷ ക്ഷണിച്ചു. . ഫോൺ: 0471 2325154, 4016555.

(പിഎൻപി 2026/10)

## റാങ്ക് ലിസ്റ്റ്

ജില്ലയിൽ വിവിധ വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് (കാറ്റഗറി നമ്പർ 71/2017) തസ്തികയിലേക്കുള്ള റാങ്ക് പട്ടിക പി.എസ്.സി പ്രസിദ്ധീകരിച്ചു.

(പിഎൻപി 2027/18)

## ജനറൽ നഴ്സിംഗ് കോഴ്സിലേക്ക് അപേക്ഷിക്കാം

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പട്ടികജാതി/വർഗ വിഭാഗത്തിൽപ്പെടുന്നവർക്ക് വേണ്ടി തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് സർക്കാർ നഴ്സിംഗ് കോളേജുകളിൽ നടത്തുന്ന ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആൻഡ് മിഡ്‌വൈഫറി കോഴ്സിലേക്ക് 2018-19 വർഷം പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിച്ചു. 40 ശതമാനം മാർക്കോടെ പ്ലസ്ടു സയൻസ് പാസായവർക്കുംഇൻഡ്യൻ നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരമുള്ള സ്കൂളുകളിൽ നിന്നും എഎൻഎം കോഴ്സ് പാസായവർക്കും അപേക്ഷിക്കാം. അപേക്ഷാഫോറവും പ്രോസ്പെക്ടസും www.dme.kerala.gov.in എന്ന സൈറ്റിൽ ലഭ്യമാണ്. അപേക്ഷ ഈ മാസം 25ന് മുമ്പ് തിരുവനന്തപുരത്തുള്ള മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ ലഭിക്കണം. ഫോൺ; 0471 2528575, 04735 227703.

(പിഎൻപി 2028/18)

## കുടുംബശ്രീയുടെ ഹരിതകർമ്മസേന പ്രവർത്തനം ജില്ലയിലെല്ലായിടത്തും വ്യാപിപ്പിക്കും

പഞ്ചായത്തുകളിൽ വാർഡ് തലത്തിൽ സേവനങ്ങളെത്തിക്കാൻ കുടുംബശ്രീയുടെ ഹരിത കർമ്മസേന സജ്ജമാക്കുന്നു. പരീക്ഷണാടിസ്ഥാനത്തിൽ  കോന്നി സി.ഡി.എസിൽ രൂപം കൊണ്ട ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ ജില്ലയിൽ എല്ലായിടത്തും വ്യാപിപ്പിക്കാൻ തയ്യാറെടുക്കുകയാണ് കുടുംബശ്രീ ജില്ലാ മിഷൻ. മാലിന്യ നിർമാർജ്ജനം, കാർഷിക മേഖലയിലെ ഇടപെടൽ, ആവശ്യാധിഷ്ഠിത സംരംഭങ്ങളുടെ വ്യാപനം തുടങ്ങിയവാണ് സേനയുടെ ലക്ഷ്യങ്ങൾ. എല്ലാ പഞ്ചായത്തുകളിലും ഹരിതകർമ്മസേന സജീവമാകുന്നതോടെ ജൈവ- അജൈവ മാലിന്യങ്ങളുടെ സംസ്കരണം എളുപ്പമാകും. അംഗങ്ങളുടെ വരുമാന വർദ്ധനവും ഇതുമൂലമുണ്ടാകും.ഹരിതകർമസേനയുടെ നിയന്ത്രണത്തിനായി പഞ്ചായത്ത് തലത്തിൽ ഒരു കൺസോർഷ്യത്തിന് രൂപം നൽകിയിട്ടുണ്ട്.  കൺസോർഷ്യത്തിലെ ഓരോ അംഗത്തിനും സേവിംഗ് ബാങ്ക് അക്കൗണ്ടുമുണ്ട്. ഓരോരുത്തർക്കും ദിവസം എഴുന്നൂറ് രൂപ വരുമാനമുണ്ടാകുന്ന തരത്തിലായിരിക്കും സേനയുടെ പ്രവർത്തനം. ജൈവവള നിർമാണ യൂണിറ്റ്, പച്ചക്കറി, നെൽ കൃഷി, ഇവന്റ് മാനേജ്മെന്റ്, യൂണിറ്റ്, ഡയറക്റ്റ് മാർക്കറ്റിംഗ്, ജീറിയാട്രിക് കെയർ യൂണിറ്റ്, ഇതര സേവനയൂണിറ്റ് തുടങ്ങി എല്ലാത്തരത്തിലുമുള്ള സേവനങ്ങളും ഈ സേനയിൽ നിന്ന് ലഭിക്കും. മാലിന്യശേഖരണത്തിനും ഇതര സേവനങ്ങൾക്കും പ്രത്യേകം പ്രത്യേകം യൂണിറ്റുകളും വാഹനങ്ങളും സേനയ്ക്കുണ്ട്. സേനാംഗങ്ങൾക്ക് സേവനത്തിനായി പ്രത്യേക പരിശീലനവും നൽകുന്നു. സേനയുടെ ഉടമസ്ഥത അതാത് സി.ഡി.എസുകളിൽ നിക്ഷിപ്തവുമാണ്. സേനയുടെ ഉപസംരംഭങ്ങൾക്കായി പ്രാദേശിക വിപണിയും ഉറപ്പാ

ക്കിയിട്ടുണ്ട്. ജൈവ/ അജൈവ മാലിന്യ നിർമ്മാർജ്ജനത്തിനായി പ്രത്യേക പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ടെന്നും കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ സാബിർ ഹുസൈൻ അറിയിച്ചു.

(പിഎൻപി 2029/18)

## പള്ളിക്കൽ പ്രാഥമികരോഗ്യകേന്ദ്രവും കുടുംബാരോഗ്യകേന്ദ്രമായി

പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി. സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിലുൾപ്പെടുത്തിയാണ് കുടുംബാരോഗ്യകേന്ദ്രമാക്കി മാറ്റിയത്. പൊതുജനാരോഗ്യസേവനരംഗത്ത് വൻമുന്നേറ്റത്തിന് വഴിയൊരുക്കുന്ന പദ്ധതിയാണ് ആർദ്രം. സംരക്ഷണം, പ്രതിരോധം, ചികിത്സ, പുനരധിവാസം സാന്ത്വനപരിചരണം ഉൾപ്പെടെ ആരോഗ്യപരിപാലനത്തിന്റെ എല്ലാ മേഖലകളിലും ഇടപെടുന്ന രീതിയിലാണ് കുടുംബാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം.
സാധാരണ രോഗങ്ങളുടെ ചികത്സക്ക് പുറമേ പകർച്ച വ്യാധികൾ, ജീവിതശൈലീ രോഗങ്ങൾ എന്നിവയ്ക്കുള്ള ചികിത്സ ഇവിടെ ലഭ്യമാണ്. കൂടാതെ, പ്രമേഹം, രക്താദിസമ്മർദ്ദം, ഹൃദ്രോഗം, പക്ഷാഘാതം , കാൻസർ, ആസ്മ തുടങ്ങിയവ കണ്ടെത്തി വിദഗ്ദ്ധ ചികിത്സ ആവശ്യമായ പക്ഷം റഫർ ചെയ്യുന്നതിനുള്ള സൗകര്യവും ഇവിടെ ലഭ്യമാണ്. കുടുംബാരോഗ്യകേന്ദ്രം. ഒ.പി ടിക്കറ്റ് എടുക്കുന്നതിന് ടോക്കൺ സംവിധാനം, ഇവിടെയുള്ള മൂന്ന് ഡോക്ടർമാരിൽ ഇഷ്ടമുള്ള ഡോക്ടർമാരെ കാണാനുള്ള ക്രമീകരണം, രോഗികളുടെ സ്വകാര്യത ഉറപ്പ് വരുത്തുന്നതിനായി പ്രത്യേക കൺസൾട്ടേഷൻ റും, ഡോക്ടറെ കാണുന്നതിന് മുൻപ് നഴ്സുമാരുടെ പരിശോധന, അത്യാധുനിക ലബോറട്ടറി, ഫാർമസി, ഒ.പി ടിക്കറ്റ് എടുക്കുന്ന സ്ഥലത്തും ഫാർമസിയിലും രോഗികൾക്ക് വിശ്രമിക്കാനായി ഇരിടിപ്പിടങ്ങൾ, ശുദ്ധീകരിച്ച വെള്ളം എന്നിവയാണ് ഇവിടെ ക്രമീകരിച്ചിരിക്കുന്ന സൗകര്യങ്ങൾ.

(പിഎൻപി 2030/18)

## ട്രാക്കിലേറി ജില്ലയുടെ കായികസ്വപ്നങ്ങൾ

എട്ട് വരി സിന്തറ്റിക് ട്രാക്ക്, റോളർസ്കേറ്റിംഗ്, ഫെൻസിംഗ് സൗകര്യം, വിശ്രമമുറി, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ടോയ്ലെറ്റ്, വാഷിംഗ്റും തുടങ്ങി അത്യാധുനിക സൗകര്യങ്ങളോട് കൂടിയൊരു ഇൻഡോർ സ്റ്റേഡിയം. ഇത് ഏറെ നാളായുള്ള പത്തനംതിട്ട ജില്ലയുടെ സ്വപ്നമാണ്. ഈ സ്വപ്നം ട്രാക്കിലേറാൻ ഇനി അധികനാളൊന്നും കാത്തിരിക്കേണ്ടി വരില്ല.
ജില്ലയുടെ കായികസ്വപ്നങ്ങൾക്ക് ഏറെ പ്രതീക്ഷയേകുന്ന ജില്ലാ സ്റ്റേഡിയത്തിന്റെ നിർമാണം ഉടൻ ആരംഭിക്കുമെന്ന് റിപ്പോർട്ടുകൾ. രണ്ടാഴ്ചയ്ക്കുള്ളിൽ വിശദമായ പ്ലാൻ തയ്യാറാക്കി രണ്ട് വർഷം കൊണ്ട് സ്റ്റേഡിയത്തിന്റെ നിർമാണം പൂർത്തിയാക്കാനാണ് തീരുമാനം. ഇതോടെ ജില്ലയുടെ മുഖച്ഛായ തന്നെ മാറുമെന്നുറപ്പാണ്. സ്റ്റേഡിയത്തിന്റെ നിർമാണം പൂർത്തിയാകുന്നതോടെ പാലാ സ്റ്റേഡിയം ആശ്രയിച്ച് പരിശീലനം തേടുന്ന കായികതാരങ്ങൾക്ക് ഏറെ ആശ്വാസ്യകരമാകുമെന്ന കാര്യത്തിൽ സംശയമില്ല. നിലവിൽ 17 ഏക്കർ സ്ഥലമാണ് ജില്ലാ സ്റ്റേഡിയത്തിനുള്ളത്. ഈ സ്ഥലത്തെ പരമാവധി പ്രയോജനപ്പെടുത്തി സ്റ്റേഡിയം വികസിപ്പിക്കുന്ന വിധത്തിലാവും നവീകരണ പ്രവർത്തനങ്ങൾ. ഒളിമ്പിക്സ് നിലവാരമുള്ള നീന്തൽ കുളവും, സിന്തറ്റിക് ട്രാക്കിന് പുറത്ത് വാക്ക് വേയും നിർമിക്കും. ഇതിൽ എട്ട് വരി സിന്തറ്റിക് ട്രാക്ക് , സ്വിമ്മിംഗ് പൂൾ എന്നിവയാണ് ആദ്യം നിർമിക്കുക. 40 കോടി രൂപയാണ് കിഫ്ബിയിൽ നിന്നും ഇതിനായി അനുവദിച്ചത്. നിർമാണം പൂർത്തിയാകുന്നതോടെ ദേശീയ കായികമേളയ്ക്ക് വേദിയാക്കാൻ കഴിയുന്ന രാജ്യാന്തര നിലവാരമുള്ള സ്റ്റേഡിയമായി ഇത് മാറും. വോളിബോൾ, ബാസ്ക്കറ്റ് ബോൾ, ഫെൻസിംഗ്, ടെന്നിസ്, റോളർ സ്കേറ്റിംഗ് തുടങ്ങിയ മത്സരങ്ങൾ നടത്തുന്നതിനായുള്ള ഇൻഡോർ സ്റ്റേഡിയവും ഇതോടൊപ്പമുണ്ടാകും. ഹോസ്റ്റൽ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, കടമുറികൾ, ഭക്ഷണശാല, തുടങ്ങിയ സൗകര്യങ്ങളും

ഉൾപ്പെടുത്തിയിട്ടുണ്ട്.ആഗസ്റ്റ് അഞ്ചിന് മുൻപായി ജില്ലാ സ്റ്റേഡിയം വികസനത്തിനുള്ള പ്ലാൻ തയ്യാറാക്കി നൽകും. സ്റ്റേഡിയത്തിനായുള്ള പ്ലാനിംഗ് സംവിധാനും കഴിഞ്ഞ ദിവസങ്ങളിലായി നടന്ന് വരികയാണ്. സംസ്ഥാന സ്പോർട്സ് സെക്രട്ടറിയും സ്പോർട്സ് ഡയറക്ടറുമായ സഞ്ജയൻ കുമാറിന്റെ ഉറപ്പ് പാലിച്ചാണ് സർവേ സംഘം ഇവിടെയെത്തിയത്. രണ്ട് വർഷത്തിനുള്ളിൽ സ്റ്റേഡിയം നവീകരിക്കും. വീണാജോർജ് എംഎൽഎയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥ സംഘം കഴിഞ്ഞ ദിവസം സ്റ്റേഡിയത്തിൽ പരിശോധന നടത്തിയിരുന്നു. നിലവിൽ അടിസ്ഥാന സൗകര്യങ്ങളൊന്നുമില്ലാത്ത സ്ഥിതിയിലാണ് സ്റ്റേഡിയം. സ്റ്റേഡിയ നവീകരണത്തിലൂടെ ജില്ലയ്ക്ക് കായിക പരമായി പുതിയ നേട്ടമുണ്ടാവുമെന്ന് സ്പോർട് കൗൺസിൽ പ്രസിഡന്റ് കെ.അനിൽ കുമാർ പറഞ്ഞു.

(പിഎൻപി 2031/18)

## വില്ലേജ് അസിസ്റ്റന്റ്/എൽഡി ക്ലാർക്ക് പ്രമാണ പരിശോധന

ജില്ലയിലെ ഭിന്നശേഷിക്കാർക്ക് വേണ്ടി പ്രത്യേക റിക്രൂട്ട്മെന്റ് പ്രകാരം ലാൻഡ് റവന്യു വകുപ്പിൽ എൽ.ഡി ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ് (കാറ്റഗറി നമ്പർ 413/16) സാധ്യതാ പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർഥികളുടെ ഒറ്റത്തവണ പ്രമാണ പരിശോധന ഈ മാസം 24ന് രാവിലെ 10 ന് ജില്ലാ പി.എസ്.സി ഓഫീസിൽ നടക്കും. ഉദ്യോഗാർഥികൾ തിരിച്ചറിയൽ രേഖ, പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, ഡിഎസ്എബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്ത ശേഷം പരിശോധനയ്ക്ക് ഹാജരാകണം. ഫോൺ: 0468 2222665. (പിഎൻപി 2032/18)

## പനി: 330 പേർ ചികിത്സ തേടി

ജില്ലയിൽ പനി ബാധിച്ച് ഇന്നലെ (21) 330 പേർ വിവിധ ആശുപത്രികളിൽ ചികിത്സ തേടിയതായി ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) അറിയിച്ചു. ഡെങ്കിപ്പനി ലക്ഷണങ്ങളോടെ ചികിത്സ തേടിയ ആറ് പേരിൽ അഞ്ച് പേർക്ക് ഡങ്കിപ്പനി സ്ഥിരീകരിച്ചു. രണ്ട് പേർക്ക് ചിക്കൻപോക്സും ഒരാൾക്ക് എലിപ്പനിയും സ്ഥിരീകരിച്ചിട്ടുണ്ട്. വയറിളക്ക രോഗങ്ങൾക്ക് 50 പേർ ചികിത്സ തേടി. കൊക്കാത്തോട്, പ്രമാടം, വല്ലന, മല്ലപ്പുഴശേരി, ചെറുകോൽ എന്നിവിടങ്ങളിലാണ് ഡങ്കിപ്പനി സ്ഥിരീകരിച്ചിട്ടുള്ളത്.

(പിഎൻപി 2033/18)

## കാലവർഷക്കെടുതി: ജില്ലയിൽ 37.87 കോടി രൂപയുടെ നാശനഷ്ടം; ദുരിതാശ്വാസ ക്യാമ്പുകളുടെ എണ്ണം കുറഞ്ഞു

ജില്ലയിൽ ഒരാഴ്ചയിലധികമായി തുടരുന്ന കാലവർഷത്തിൽ 37.87 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി അന്തിമ വിലയിരുത്തൽ. കൃഷി നാശത്തിന്റെ കൃത്യമായ കണക്കെടുപ്പ് പൂർത്തിയായതോടെയാണ് നാശനഷ്ടത്തിന്റെ തോത് വൻതോതിൽ ഉയർന്നത്. കൃഷി വകുപ്പ് നടത്തിയ പരിശോധനയിൽ 1387 ഹെക്ടർ സ്ഥലത്താണ് കൃഷിനാശം ഉണ്ടായിട്ടുള്ളത്. ആകെ 36.64 കോടി രൂപയുടെ കൃഷിനാശമാണ് ഉണ്ടായിട്ടുള്ളത്. വീടുകൾ തകർന്നതിലൂടെ **72.92 ലക്ഷം രൂപയുടെ** നാശനഷ്ടവും ഉണ്ടായി. നാല് വീടുകൾ പൂർണമായും 329 വീടുകൾ ഭാഗികമായും തകർന്നു. കോഴഞ്ചേരി താലൂക്കിലാണ് കൂടുതൽ വീടുകൾ ഭാഗികമായി തകർന്നിട്ടുള്ളത്. 228 എണ്ണം. റാന്നി-മൂന്ന്, കോന്നി-20, തിരുവല്ല-73, അടൂർ-അഞ്ച് എന്നിങ്ങനെയാണ് മറ്റ് താലൂക്കുകളിൽ ഭാഗികമായി തകർന്ന വീടുകളുടെ എണ്ണം. വൈദ്യുതി വകുപ്പിന് 50 ലക്ഷം രൂപയുടെ നഷ്ടമാണ് ഇതുവരെ കണക്കാക്കിയിട്ടുള്ളത്.

ജില്ലയിൽ കഴിഞ്ഞ ദിവസത്തെ അപേക്ഷിച്ച് ദുരിതാശ്വാസ ക്യാമ്പുകളുടെ എണ്ണത്തിൽ 11 എണ്ണത്തിന്റെ കുറവ് ഉണ്ടായിട്ടുണ്ട്. 87 ദുരിതാശ്വാസ ക്യാമ്പുകളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. എന്നാൽ ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്ന കുടുംബങ്ങളുടെ എണ്ണത്തിൽ

വർദ്ധനവുണ്ടായിട്ടുണ്ട്. 2262 കുടുംബങ്ങളിൽപ്പെട്ട 8522 പേരാണ് ഇപ്പോൾ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നത്. തിരുവല്ലയിൽ 80 ക്യാമ്പുകളിലായി 2082 കുടുംബങ്ങളിലെ 7950 പേരും അടൂരിൽ മൂന്ന് ക്യാമ്പുകളിലായി 111 കുടുംബങ്ങളിലെ 294 പേരും കോഴഞ്ചേരിയിൽ നാല് ക്യാമ്പുകളിലായി 69 കുടുംബങ്ങളിലെ 278 പേരുമാണ് കഴിയുന്നത്. (പിഎൻപി 2034/18)

## ആദിപമ്പ-വരട്ടാർ രണ്ടാം ഘട്ട പുനരുദ്ധാരണം:
## പുഴ സംരക്ഷണ സമിതി രൂപീകരിക്കാൻ തീരുമാനം

ആദിപമ്പ-വരട്ടാർ രണ്ടാം ഘട്ട പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി പുഴയുടെ ഇരുകരകളിലുമുള്ള ജനങ്ങളെ സംഘടിപ്പിച്ച് പുഴ സംരക്ഷണ സമിതി രൂപീകരിക്കാൻ ചെങ്ങന്നൂർ എംഎൽഎ സജി ചെറിയാന്റെ അധ്യക്ഷതയിൽ ചെങ്ങന്നൂരിൽ ചേർന്ന തദ്ദേശഭരണ ഭാരവാഹികളുടെ യോഗത്തിൽ തീരുമാനമായി. പാണ്ടനാടിന്റെയും ചെങ്ങന്നൂരിന്റെയും വരട്ടാർ നീർത്തട പ്ലാൻ ഈ മാസം 27ന് മുമ്പ് തയാറാക്കും. ആദി പമ്പ വരട്ടാർ തലത്തിലുള്ള നീർത്തട പ്ലാൻ ഈ മാസം 31ന് മുമ്പ് തയാറാക്കും. പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ശുചിത്വ മിഷനുകളുടെ ആഭിമുഖ്യത്തിൽ നീർത്തട പ്രദേശങ്ങളിലെ സാനിട്ടേഷൻ മാസ്റ്റർ പ്ലാനും 27ന് മുമ്പ് പൂർത്തിയാക്കും. പുറമ്പോക്ക് തിട്ടപ്പെടുത്തുന്നതിനു ള്ള സർവെ നടപടികളും ആരംഭിക്കും. ജൈവ വൈവിധ്യ പുനസ്ഥാപന മാസ്റ്റർ പ്ലാൻ, വിവര വിദ്യാഭ്യാസ വിനിയോഗ പ്ലാൻ എന്നിവയും 30ന് മുമ്പ് തയാറാക്കും. ആഗസ്റ്റ് എട്ടിന് ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിൽ നടക്കുന്ന ആദിപമ്പ-വരട്ടാർ ജൈവവൈവിധ്യ കൺഷനിൽ ആദ്യദിനം 400 പേരെ പങ്കെടുപ്പിക്കും. രണ്ടാം ദിനം ഈ മേഖലയിലെ വിദഗ്ദ്ധരും ജനപ്രതിനിധികളും ഉൾപ്പെടെ 100 പേരും പങ്കെടുക്കും.

യോഗത്തിൽ ചെങ്ങന്നൂർ നഗരസഭാ ചെയർമാൻ ജോൺ മുളങ്കാട്ടിൽ, കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നിർമലാ മാത്യൂസ്, പത്തനംതിട്ട ജില്ലാ പഞ്ചായത്ത് അംഗം എസ്.വി.സുബിൻ, ആലപ്പുഴ ജില്ലാ പഞ്ചായത്ത് അംഗങ്ങളായ അഡ്വ.ജി.വേണു, ജോജി ചെറിയാൻ, ജെബിൻ പി.വർഗീസ്, ആർഡിഒ രഞ്ജിത്ത്, ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ് അഡ്വ.എൻ.രാജീവ്, ഹരിതകേരളം സംസ്ഥാന കൺസൾട്ടന്റ് എൻ.ജഗജീവൻ, ആദി പമ്പ വരട്ടാർ പുനരുജ്ജീവന പ്രവർത്തനങ്ങളുടെ കോ-ഓർഡിനേറ്റർ ബീന ഗോവിന്ദൻ, ഹരിതകേരളം പത്തനംതിട്ട ജില്ലാ കോ-ഓർഡിനേറ്റർ രാജേഷ് തുടങ്ങിയവ ർ പങ്കെടുത്തു. (പി എൻപി 2035/18)

## പ്രമാണ പരിശോധന

വിദ്യാഭ്യാസ വകുപ്പിൽ ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക് യുപിഎസ്) (കാറ്റഗറി നമ്പർ 532/13) പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്-എൽപിഎസ്-എൻസിഎ-എസ്.സി)(കാറ്റഗറി നമ്പർ 524/17) തസ്തികകളുടെ ചുരുക്കപ്പട്ടികകളിൽ ഉൾപ്പെട്ട ഉദ്യോഗാർഥികൾക്കുള്ള ഒറ്റത്തവണ പ്രമാണ പരിശോധന 24ന് രാവിലെ 9.30ന് ജില്ലാ പി.എസ്.സി ഓഫീസിൽ നടക്കും. ഉദ്യോഗാർഥികൾ നേരിട്ട് ഹാജരായി പ്രമാണ പരിശോധന പൂർത്തിയാക്കണം. ഫോൺ: 0468 2222665.

(പി എൻപി 2036/18)

## ഫോട്ടോ അടിക്കുറിപ്പ്

1) ആദിപമ്പ-വരട്ടാർ പുനരുജ്ജീവനം സംബന്ധിച്ച് സജി എംഎൽഎയുടെ അധ്യക്ഷതയിൽ ചെങ്ങന്നൂരിൽ നടന്ന യോഗം

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| ജൂലൈ 21<br>JULY 21 | 2018 |
|---|---|

***1193 കർക്കിടകം 5 ശനി***

## പത്രക്കുറിപ്പ്-3

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**പൊതുവിദ്യാലയങ്ങളോട് സമൂഹത്തിന് ആഭിമുഖ്യം കൂടി :**
**എസ്.എസ്.എ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ**

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നിലവിൽ വന്നതിനുശേഷം രക്ഷിതാക്കൾക്കും പ്രാദേശിക ജനസമൂഹത്തിനും പൊതുവിദ്യാലയങ്ങളോട് ആഭിമുഖ്യം വർദ്ധിച്ചതായി സമഗ്രശിക്ഷാ അഭിയാൻ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ ഡോ.എ.പി കുട്ടിക്കൃഷ്ണൻ പറഞ്ഞു. എസ്.എസ്.എ ജില്ലാതലത്തിൽ നടത്തിയ അവലോകന യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സർക്കാർ-എയിഡഡ് സ്കൂളിൽ കഴിഞ്ഞ വർഷവും ഈ വർഷവും ഉണ്ടായ കുട്ടികളുടെ വർദ്ധനവ് ഇതിനെയാണ് സൂചിപ്പിക്കുന്നത്. ഇക്കൊല്ലം ജില്ലയിൽ പൊതുവിദ്യാലയങ്ങളിൽ 5906 കുട്ടികളുടെ വർദ്ധനയാണ് ഉണ്ടായത്. കഴിഞ്ഞ അക്കാദമിക വർഷം ജില്ലയിൽ പതിമൂന്നുകോടി അമ്പത്തിമൂന്ന് ലക്ഷം രൂപയുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളാണ് എസ്.എസ്.എ നടപ്പാക്കിയത്. കുട്ടികളുടെ ഭാഷാപരവും, ഗണിത-ശാസ്ത്രപരവുമായ അടിസ്ഥാന ശേഷികൾ വികസിപ്പിക്കുന്നതിന് ഇതിലൂടെ കഴിഞ്ഞു. മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, ജൈവവൈവിധ്യപാർക്ക്, ഗണിതവിജയം, പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ തുടങ്ങിയ പദ്ധതികളിലൂടെ കുട്ടികളെ കൂടുതൽ മികവുള്ളവരാക്കാൻ ജില്ലയ്ക്ക് സാധിച്ചെന്നും അദ്ദേഹം പറഞ്ഞു.

മാരാമൺ മാർത്തോമ റിട്രീറ്റ് സെന്ററിൽ നടന്ന യോഗത്തിൽ എസ്എസ്എ ജില്ലാ പ്രോഗ്രാം ഓഫീസർ ഡോ.ആർ.വിജയമോഹനൻ, പ്രോഗ്രാം ഓഫീസർമാരായ പി.എ.സിന്ധു, എ.പി.ജയലക്ഷ്മി ബി.പി.ഒ മാർ തുടങ്ങിയവ ർ പങ്കെടുത്തു.

(പിഎന്‍പി 2037/18)

## ഫോട്ടോ അടിക്കുറിപ്പ്

1) എസ്.എസ്.എ ജില്ലാതലത്തില്‍ നടത്തിയ അവലോകന യോഗം സമഗ്രശിക്ഷാ അഭിയാന്‍ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടര്‍ ഡോ.എ.പി കുട്ടിക്കൃഷ്ണന്‍ ഉദ്ഘാടനം ചെയ്യുന്നു.






ഇന്‍ഫര്‍മേഷന്‍&പബ്ലിക് റിലേഷന്‍സ് വകുപ്പ്